**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – 'സൈഫാരി 2018' ഐ.എസ്.ആർ.ഒ നേതൃത്വം നൽകുന്ന ശാസ്ത്ര പ്രദർശനം - ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും തനതു ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2210/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09/08/2018

---

പരാമർശം:- സൈഫാരി 2018 കൺവീനറുടെ (ഹെഡ് മിസ്ട്രസ്, ജി.എച്ച്.എസ്.എസ്, നിറമരുതൂർ) കത്ത്.

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ISRO,VSSC തുടങ്ങി 10 ലധികം കേന്ദ്ര - സംസ്ഥാന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളെ കോർത്തിണക്കി മലപ്പുറം ജില്ലയിലെ മുഴുവൻ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുംവിധം "സൈഫാരി 2018" എന്ന പേരിൽ ഒരു ശാസ്ത്രോത്സവം 2018 ആഗസ്റ്റ് 16 മുതൽ 19 വരെ നിറമരുതൂർ GHSS ൽ വച്ച് നടത്തുന്നുവെന്നും, താനൂർ ഉപജില്ലയിലെയും, തിരൂർ മുനിസിപ്പാലിറ്റിയിലെയും മുഴുവൻ സ്കൂളുകളും ഇതിൽ നേരിട്ട് പങ്കെടുക്കുന്നുവെന്നും, ആയതിനാൽ താനൂർ ഉപജില്ലാ പരിധിയിൽ ഉൾപ്പെടുന്ന താനൂർ നഗരസഭ, നിറമരുതൂർ, താനാളൂർ, ഒഴൂർ, പൊൻമുണ്ടം, ചെറിയമുണ്ടം, വളവന്നൂർ, പെരുമണ്ണ, നന്നമ്പ്ര കൂടാതെ തിരൂർ നഗരസഭ എന്നിവിടങ്ങളിൽ നിന്ന് ധനസഹായം അനുവദിക്കണമെന്നും പരാമർശ കത്ത് പ്രകാരം 'സൈഫാരി 2018' കൺവീനർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ISRO,VSSC തുടങ്ങി 10 ലധികം കേന്ദ്ര - സംസ്ഥാന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളെ കോർത്തിണക്കി 2018 ആഗസ്റ്റ് 16 മുതൽ 19 വരെ മലപ്പുറം ജില്ലയിലെ നിറമരുതൂർ GHSS ൽ വച്ച് "സൈഫാരി 2018" എന്ന പേരിൽ നടത്തപ്പെടുന്ന ശാസ്ത്രോത്സവത്തിലേയ്ക്കായി നിറമരുതൂർ, താനാളൂർ, ഒഴൂർ, പൊൻമുണ്ടം, ചെറിയമുണ്ടം, വളവന്നൂർ, പെരുമണ്ണ, നന്നമ്പ്ര ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 20,000/- (ഇരുപതിനായിരം) രൂപ വീതവും തിരൂർ, താനൂർ നഗരസഭകളിൽ നിന്ന് 50,000/- (അൻപതിനായിരം) രൂപ വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സിനി.ജെ.ഷുക്കൂർ,

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഹെഡ് മിസ്ട്രസ്, ജി.എച്ച്.എസ്.എസ്, നിറമരുതൂർ (സൈഫാരി 2018 കൺവീനർ), തിരൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.